# നീര: ഭയാശങ്കകൾക്ക് അടിസ്ഥാനം ഇല്ലെന്ന് നാളികേര ബോർഡ്

കൊച്ചി: നീര ടാപ്പിങ് സംബന്ധിച്ച് ഉയർന്നു വരുന്ന ഭയാശങ്കകൾ അടിസ്ഥാനരഹിതമാണെന്ന് നാളികേര വികസന ബോർഡ് പത്രക്കുറിപ്പിൽ വ്യക്തമാക്കി. കേരളത്തിലെ ക്ഷേമനിധി ബോർഡുകളിൽ പ്രഥമസ്ഥാനം വഹിച്ചിരുന്നതും സർക്കാരിന്റെ സാമ്പത്തിക കാര്യ പ്രവർത്തനങ്ങൾക്ക് ഏറെ താങ്ങും തണലുമായി നിന്ന ഏക ക്ഷേമനിധി ബോർഡാണ് ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡ്. ശുദ്ധമായ കള്ള് വിപണിയിലെത്തിച്ച് പകലന്തിയോളം പാടത്തും പറമ്പിലുമായി പണിയെടുത്തിരുന്ന കർഷകനും തൊഴിലാളിക്കും ഊർജ്ജവും ഉണർവ്വും നൽകിയിരുന്ന ഒരു സുവർണ്ണകാലഘട്ടം കേരളത്തിന്റെ കള്ള് ചെത്ത് വ്യവസായ മേഖലയിൽ ഉണ്ടായിരുന്നു. എന്നാൽ ഈ ഊർജ്ജസ്വലത മറ്റ് മേഖലകളിലേക്ക് വഴിമാറിയിരിക്കുന്നു. ഏതാനും വർഷങ്ങളായി 'കള്ള് വ്യവസായം' നേരിട്ടുകൊണ്ടിരിക്കുന്ന തകർച്ച ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളെ മന്ദീഭവിക്കാൻ കാരണമായിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം ജില്ലയിലടക്കം സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ 'കള്ള് വ്യവസായം' തന്നെ നിലച്ച മട്ടാണ്. ഇതുമൂലം തൊഴിലാളികൾക്ക് വൻതോതിൽ തൊഴിൽ നഷ്ടപ്പെടുന്നൊരു സാഹചര്യമാണ് നിലവിലുള്ളത്. ഈ പ്രവണതയ്ക്കൊരു മാറ്റത്തിന് കൂടിയാണ് നീര ഉത്പാദനത്തിലൂടെ നാളികേര വികസന ബോർഡ് ലക്ഷ്യമിടുന്നത്.

കേരളത്തിൽ കള്ള് ചെത്ത് വ്യവസായ മേഖലയിൽ 29465 രജിസ്റ്റേർഡ് തൊഴിലാളികൾ മാത്രമാണ് തൊഴിൽ ചെയ്ത് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നത്. എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ ചെത്തു തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനം അപര്യാപ്തമാണെന്ന് ഈ മേഖലയിൽ നിന്നും ആളുകൾ പിന്തിരിയുന്നതിൽ നിന്നും മനസ്സിലാക്കാം. അതേസമയം പാലക്കാട് ജില്ലയിൽ ചെത്തുന്ന മൊത്തം തെങ്ങുകളുടെ എണ്ണം 5,22,755. ഒരു ചെത്തുതൊഴിലാളിക്ക് എക്സൈസ് മാനുവൽ പ്രകാരം ചെത്താവുന്ന പരമാവധി തെങ്ങുകളുടെ എണ്ണം 15 ആണ്. കണക്ക് പ്രകാരം പാലക്കാട് ജില്ലയിലുണ്ടാവേണ്ട തൊഴിലാളികളുടെ എണ്ണം 34,850. പാലക്കാട് ജില്ലയൊഴികെ മറ്റു ജില്ലകളിൽ ചെത്തുന്ന തെങ്ങുകളുടെ എണ്ണം 1,57,800 ഓളം മാത്രം. വിവരാവകാശ നിയമമനുസരിച്ച് എക്സൈസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭ്യമായ കണക്കുകളിൽ പാലക്കാട് ജില്ലയിലെ തൊഴിലാളികളുടെ എണ്ണം കേവലം 5796 മാത്രം. തിരുവനന്തപുരം-414, കൊല്ലം-806, പത്തനംതിട്ട-422, ആലപ്പുഴ-2906, ഇടുക്കി-938, എറണാകുളം-4527, തൃശ്ശൂർ-4902, പാലക്കാട് 5796, വയനാട് -282, കോഴിക്കോട് -1163, കണ്ണൂർ-4517, കാസർകോട്-946, മലപ്പുറം-1127, കോട്ടയം-1000ലേറെയാണ്. കഴിഞ്ഞ 10 വർഷമായി കാലാനുസൃതമായ വില വർദ്ധനവില്ലാതെ കള്ള് വിൽക്കുന്നതും നാടിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് കോട്ടമേൽപിക്കുന്ന സംഗതിയാണ്. നീരയ്ക്ക് ലിറ്ററിന് 150 മുതൽ 200 രൂപ വില ലഭിക്കുമ്പോൾ കള്ളിനും ന്യായമായും ഈ വില ലഭിക്കേണ്ടതാണ്. അതിനാൽ നീര ഫലത്തിൽ കള്ളു വ്യവസായത്തേയും ചെത്തു തൊഴിലിനെയും പോഷിപ്പിക്കുക മാത്രമാണ് ചെയ്യുക. നീര ടാപ്പിംഗ് കള്ള് ചെത്ത് വ്യവസായത്തെ തകർക്കുമെന്ന തെറ്റിദ്ധാരണാജനകമായ ചിന്താഗതികളെ മാറ്റി നിർത്തി നാടിന്റെ സാമ്പത്തിക സാമൂഹിക മാറ്റത്തിന് കക്ഷി രാഷ്ട്രീയ ഭേദമെന്യേ ഓരോ മലയാളിയും സാഹചര്യമൊരുക്കുകയാണ് വേണ്ടത്.